ഹരിതകേരളം മിഷൻ
കേരള സർക്കാർ

**08.05.2018**

## പ്രസിദ്ധീകരണത്തിന്

# സർക്കാർ ഓഫീസുകളിൽ ജൂൺ 5 ഓടെ ഹരിതപെരുമാറ്റചട്ടം നടപ്പാക്കണം: ചീഫ് സെക്രട്ടറി

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ അടുത്ത മാസം (ജൂൺ) അഞ്ചോടെ ഹരിതപെരുമാറ്റചട്ടം നടപ്പാക്കണമെന്ന് ചീഫ് സെക്രട്ടറി പോൾ ആന്റണി ഐ.എ.എസ് നിർദ്ദേശിച്ചു. സംസ്ഥാനതല ഓഫീസുകളിൽ ആദ്യപടിയായി പൂർണ്ണമായും ഹരിതപെരുമാറ്റചട്ടം പാലിച്ച് മാതൃകയാവണമെന്നും അദ്ദേഹം പറഞ്ഞു. എല്ലാ സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള നോഡൽ ഓഫീസർമാർക്ക് കിലയുടെ നേതൃത്വത്തിൽ ഹരിതകേരളം മിഷൻ സംഘടിപ്പിച്ച ഏകദിന പരിശീലന പരിപാടി തിരുവനന്തപുരം ഐ.എം.ജി യിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ചീഫ് സെക്രട്ടറി. നിലവിൽ സർക്കാർ ഓഫീസുകളിലെ ശുചിത്വാവസ്ഥ ആശാവഹമല്ലെന്നു ചൂണ്ടിക്കാട്ടിയ അദ്ദേഹം മലയാളിയുടെ മനോഭാവത്തിലും പെരുമാറ്റത്തിലും ഹരിതസൗഹൃദ ജീവിതക്രമത്തിനനുയോജ്യമാംവിധം മാറ്റം വന്നാൽ മാത്രമേ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നതിൽ പൂർണ്ണവിജയം കൈവരിക്കാനാവൂ എന്നും അഭിപ്രായപ്പെട്ടു.

കേരളത്തിന്റെ വികസന പ്രവർത്തനങ്ങളിൽ മാലിന്യം വലിയ വെല്ലുവിളിയായി മാറിയിരിക്കുകയാണെന്നും നാമേവരുടെയും ജീവിതശൈലിയിൽ ഹരിതപെരുമാറ്റചട്ടം കൊണ്ടുവന്നാൽ ഒരു പരിധിവരെ ഇതിനു പരിഹാരമാകുമെന്നും ചടങ്ങിൽ അധ്യക്ഷത വഹിച്ച ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ സീമ പറഞ്ഞു. കേരളത്തെ മാലിന്യമുക്തമാക്കാനുള്ള തീവ്ര യജ്ഞത്തിലാണ് ഹരിതകേരളം മിഷൻ ഏർപ്പെട്ടിരിക്കുന്നത്. വൻ ജനപങ്കാളിത്തമുള്ള ചില ഉത്സവങ്ങളും ആഘോഷങ്ങളും വിവാഹങ്ങളുൾപ്പെടെയുള്ള ചടങ്ങുകളും ഹരിത പെരുമാറ്റച്ചട്ടത്തിനനുസൃതമായി സംഘടിപ്പിക്കാനായത് ഈ രംഗത്തെ ശ്രദ്ധേയമായ നേട്ടമാണെന്നും ഡോ.ടി.എൻ സീമ അഭിപ്രായപ്പെട്ടു. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. അജയകുമാർ വർമ്മ, കില ഡയറക്ടർ ഡോ. ജോയ് ഇളമൺ, സർക്കാരിന്റെ വികസന ഉപദേഷ്ടാവ് ശ്രീ.സി.എസ്. രഞ്ജിത്ത് എന്നിവർ സംസാരിച്ചു.

ഗ്രീൻ പ്രോട്ടോക്കോൾ സംബന്ധിച്ചും ഹരിത ഓഫീസുകൾ- വ്യക്തികളുടെ പങ്ക്, ഓഫീസുകളിലെ ജൈവ-അജൈവ മാലിന്യ സംസ്ക്കരണം തുടങ്ങി വിവിധ വിഷയങ്ങളിലും പരിശീലന പരിപാടിയിൽ ക്ലാസ്സുകൾ നടന്നു. കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, കമ്മ്യൂണിറ്റി മെഡിസിൻസ് പ്രൊഫസർ ഡോ.കെ.വിജയകുമാർ, ശുചിത്വമിഷൻ ഡയറക്ടർ എൽ.പി ചിത്തർ, പ്രോഗ്രാം ഓഫീസർ അമീർഷാ തുടങ്ങിയവരാണ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയത്. സംസ്ഥാനത്ത് ഇതിനകം ഗ്രീൻ പ്രോട്ടോക്കോൾ വിജയകരമായി നടപ്പിലാക്കിയ ഓഫീസുകളുടെ അനുഭവങ്ങൾ ഉൾക്കൊള്ളിച്ചുള്ള അവതരണവും പരിശീലനപരിപാടിയിൽ നടന്നു.

**ഡോ.ടി.എൻ സീമ**
**എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ**
**ഹരിതകേരളം മിഷൻ**

ടി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-695 004
ഫോൺ : 0471 2449939, ഇ-മെയിൽ : haritham@kerala.gov.in